# സെന്റ് മേരീസ് ഹൈസ്കൂൾ കണ്ടനാട്

# തണൽ



# ആശംസകൾ

പ്രിയപ്പെട്ട വിദ്യാർത്ഥികളെ ,

ആധുനിക  വിദ്യാഭ്യാസരംഗത്ത് സങ്കേതികവിദ്യ ഒഴിച്ചുകൂടാനാവാത്ത ഒന്നാണല്ലോ വിവരവിനിമയ സങ്കേതികവിദ്യയുടെ സങ്കേതങ്ങളും ഉപകരണങ്ങളും സമർത്ഥമായും ഫലപ്രദമായും ഉപയോഗിക്കാൻ വൈദഗ്ധ്യവും അഭിരുചിയുമുള്ള ഒരു തലമുറയെ രൂപപ്പെടുത്തി എടുക്കാൻ ഉള്ള അവസരമാണ് "ലിറ്റിൽ കൈറ്റ്"സിന്റെ പ്രവർത്തനങ്ങളിലൂടെ നമുക്ക് കൈവന്നിട്ടുള്ളത്.ഈ അവസരം പരമാവധി പ്രയോജനപ്പെടുത്തി നമ്മുടെ സ്കൂളിന് അഭിമാനിക്കത്തക്ക ഒരു ഡിജിറ്റൽമാഗസിൻ തയ്യാറാക്കിയ എല്ലാ വിദ്യാർത്ഥികളെയും അതിന് നേതൃത്വം വഹിച്ച അധ്യാപകരേയും ഈ അവസരത്തിൽ അഭിനന്ദിക്കുന്നു. ഈ ആരംഭപ്രവർത്തനം ഇനിയുള്ള പ്രവർത്തനങ്ങൾക്ക് പ്രചോദനമാകട്ടെ എന്ന ആശംസകളോടെ..........

**ഷീബ കുര്യൻ**

**ഹെഡ്മിസ്ട്രസ്**



# ആമുഖം

പടർന്നുപന്തലിച്ച വൃക്ഷത്തിന്റെ ശാഖകളാകുന്ന സ്നേഹത്തിന്റെ സൗഹൃദത്തിന്റെയും തണലിൽ നാം ഒത്തുചേരുമ്പോഴാണ് മനുഷ്യജീവിതം പൂർണമാകുന്നത്. ഹരിതശൂന്യമായ വർത്തമാനകാല മനസ്സുകളെ സ്നേഹത്തിന്റെയും സഹോദര്യത്തിന്റെയും തണലിൽ ഒത്തുചേരണം .

ഈ തണലിൽ സഹൃദയനെ തളിരണിയിക്കുന്നതിനായി ആനുകാലികതയും സർഗാത്മകതയും സാഹിത്യ ആസ്വാദകമനസ്സിൽ ആസ്വാദ്യതയെ ഉണർത്തുവാൻ കഴിയുമെന്ന പ്രത്യാശയോടെ.....................

# എഡിറ്റോറിയൽ

ലോകം ഒരു കൊച്ചുവിരൽത്തുമ്പിൽ ഒതുങ്ങുന്ന

സൈബർ യുഗത്തിൽ

മുൻവിധികൾ ഇല്ലാതെ

അക്ഷരങ്ങൾക്കിടയിലെ അകലം

മഷിത്തുമ്പിൽ തുന്നിച്ചേർത്ത്

പച്ചയായ മനുഷ്യജീവിതങ്ങളിലൂടെ

ഒരു തുറന്നെഴുത്ത്.....

തനിയാവർത്തനമില്ലാതെ

നിറങ്ങളിൽ നിറങ്ങൾ ചാലിച്ച്

വരകളിലൂടെ ആശയങ്ങൾക്ക് പുതുജീവനേകി

കാലത്തിന്റെ കയ്യൊപ്പ് രേഖപ്പെടുത്തി

പാതിപറഞ്ഞ് ബാക്കി വച്ച

പ്രയത്നത്തിന്റെ ഫലമായ് സെന്റ് മേരീസ്
ഹൈസ്കൂളിലെ ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ
അഭിമാനപുരസ്സരം സമർപ്പിക്കുന്നു

## ഉള്ളടക്കം

ലിറ്റിൽ കൈറ്റ്സ്............7
വിളവെടുപ്പ് ഉദ്ഘാടനം............9
ആകാശം............13
സൗഹൃദം............14
വിദ്യാലയം............15
സ്നേഹബന്ധം............16
പഴഞ്ചൊല്ലുകൾ............17
കേരളം............18
പഴഞ്ചൊല്ലുകൾ............19
............20
മഴ............20
ഒടുങ്ങിയ പുഴ............21
പുതിയചൊല്ലുകൾ............25
സൗഹൃദമൊഴികൾ............26
അധ്വാനം............27
ഗുരുമൊഴികൾ............28
കടങ്കഥകൾ............29
നാവുളുക്കി ചൊല്ലുകൾ............31
കൃഷി ചൊല്ലുകൾ............31
തമസ്സ്............32
ഒരു തീരാനോവായ്............34
എന്റെ നിലയ്ക്കാത്ത സൗഹൃദം............40
............41
ബേപ്പൂർ സുൽത്താൻ............41
ബഷീറിന്റെ പ്രധാന കൃതികൾ............42
വീടുണ്ടേ കൂടുണ്ടേ............44
സുന്ദര ഭൂമി............45
മാനത്തും താഴത്തും............46

# എഡിറ്റോറിയൽ ബോർഡ്

എഡിറ്റർ - അലൻ യോഹന്നാൻ

സബ് എഡിറ്റർ - വിസ്മയ വിശ്വനാഥൻ

സ്റ്റാഫ് എഡിറ്റർ - അന്ന ജിമ്മി

## കമ്മിറ്റി അംഗങ്ങൾ

അലക്സ് ഷിബു

നന്ദഗോപാൽ എ.എം

റെനീറ്റ ജോണി

നവീൻ പ്രസാദ്

ഷെറിൻ ഷോളി

നൈന ബിജു

നിരഞ്ജന പാർവതി



# ലിറ്റിൽ കൈറ്റ്സ്

കണ്ടനാട് സെന്റ് മേരീസ് ഹൈസ്കൂളിൽ വിവരവിനിമയ സാങ്കേതിക വിദ്യയിൽ അഭിരുചിയും കഴിവുമുള്ള വിദ്യർത്ഥികളുടെ ഒരു സംഘം വിദ്യാലയങ്ങളിൽ രൂപപ്പെടുത്തി എടുക്കുന്നതിനുള്ള പദ്ധതിയായ 'little kite' യൂണിറ്റിന്റെ ഉദ്ഘാടനം June 16-ാംതിയതി ശനിയാഴ്ച ബഹു: ശ്രീ വിൽസൺ പൗലോസ് അവർകൾ നിർവ്വഹിച്ചു . ചടങ്ങിൽ സ്കൂൾ HM ശ്രീമതി ഷീബ ടീച്ചർ സ്വഗതം ആശംസിച്ചു . ലിറ്റിൽ കൈറ്റ് യൂണിറ്റീന്റെ പ്രഥമ ഏക ദിന പരിശീലന പരിപാടിയിൽ ജില്ല IT co-ordinators ആയ ശ്രീ.സിജോ സാർ , ശ്രീ.സനൽ സാർ എന്നിവരും ചടങ്ങിൽ പങ്കെടുത്തു. ചടങ്ങിൽ ലിറ്റിൽ കൈറ്റ് യൂണിറ്റിന്റെ Registration Certificate ശ്രീ.സിജോ സാർ ഹെഡ്മിട്രസ് ശ്രീമതി ഷീബ ടീച്ചർക്ക് കൈമാറി.തുടർന്ന് ശ്രീ.സനൽ സാർ ആശംസകൾ അർപ്പിച്ചു. പങ്കെടുത്ത എല്ലാവർക്കും

SITC ശ്രീമതി.ബിന്ദു ടീച്ചർ നന്ദി അറിയിച്ചു.

തുടർന്ന് ലിറ്റിൽ കൈറ്റ് യൂണിറ്റിന്റെ പരിശിലന പരിപാടി ആരംഭിച്ചു.ഹൈടെക് ക്ലാസ് മുറികളുടെ സംരക്ഷണചുമതല ലിറ്റിൽ കൈറ്റിനാണ് എന്ന് ഓർമ്മിപ്പിച്ചുകൊണ്ട് 4.00 മണിയോടെ ഏകദിന പരിശീലന പരിപാടി അവസാനിച്ചു.



# വിളവെടുപ്പ് ഉദ്ഘാടനം



കണ്ടനാട് സെന്റ് മേരീസ് ഹൈസ്കൂളിൽ ജൈവപച്ചകൃഷി വിളവെടുപ്പ് ഉത്സവം 11-1-2019 വെള്ളിയാഴ്ച നടന്നു. കൃഷി വകുപ്പിൽ നിന്ന് എത്തിച്ചേർന്ന അഗ്രികൾച്ചർ ഓഫീസർ ശ്രീ.സുനിൽ, അസിസ്റ്റന്റ് അഗ്രികൾച്ചർ ഓഫീസർ ശ്രീ.സലിം

എന്നിവർ ചേർന്ന് വിളവെടുപ്പ് ഉദ്ഘാടനം നിർവ്വഹിച്ചു.തുടർന്ന് കുട്ടികൾക്ക് വിഷരഹിതമായ പച്ചക്കറികൾ ഉത്പാദിപ്പിക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ച് ബോധവത്കരണം നടത്തി.കൃഷി കൂടുതൽ വിപുലമാക്കേണ്ടതിലേക്കായി വേണ്ട സഹായങ്ങൾ വാഗ്ദാനം ചെയ്തു.

യോഗത്തിൽ ബഹുമാനപ്പെട്ട ഹെഡ്മിസ്ട്രസ് ശ്രീമതി ഷീബ കുരിയൻ സ്വാഗതം ആശംസിച്ചു.ബഹുമാനപ്പെട്ട മാനേജർ ശ്രീ വിൽസൺ പൗലോസ് അവറുകൾ അധ്യക്ഷത വഹിച്ചു.പി ടി എ പ്രസിഡന്റ് ശ്രീ.ഷാജി ആശംസ അറിയിച്ചു. സ്റ്റാഫ് സെക്രട്ടറി ശ്രീമതി.അന്ന ജിമ്മി നന്ദി അറിയിച്ചു.

# വിട്ടുപിരിയൽ

ഞാൻ എന്റെ മനസ്സുകളിൽ നിന്ന് മാറ്റാൻ ശ്രമിക്കുന്ന എന്നാൽ എന്നെ ചിന്തിപ്പിക്കുന്നൊരു വിഷയമാണ് വിട്ടുപിരിയൽ. എത്ര വട്ടം നിന്നിൽനിന്നും ഞാൻ വിട്ടുപിരിഞ്ഞു; എന്നാൽ എന്തേ നീ എന്നെ വിട്ടുപിരിയാത്തത്. അറിഞ്ഞോ അറിയാതെയോ എത്ര വട്ടം ഞാൻ നന്മയിൽ നിന്നും വിട്ടുപിരിഞ്ഞു. എന്നാൽ എന്തേ നന്മ വിട്ടുപിരിയാൻ കൊതിക്കാത്തത്. ഞാൻ വിട്ടുപിരിഞ്ഞവരെല്ലാം എന്റെ അടുക്കലേക്ക് മടങ്ങി വരുന്നു. എന്നാൽ ഇപ്പോൾ എന്റെ മനസ്സിലെ ആശയങ്ങളും എന്നെ വിട്ടുപിരിഞ്ഞിരിക്കുന്നു. എന്നാൽ വിട്ടുപിരിയാത്ത ഒരാശയം എന്റെ മനസ്സിൽ കിടക്കുന്നു.

ജീവിതം ഒരു വെള്ളക്കടലാസുപോലെയും, നമ്മൾ ജീവിതത്തിൽ ചിത്രകാരന്മാരുമാകുന്നു. ചിത്രകാരൻ കടലാസിൽ നിറം പൂശുന്നതുപോലെ നമ്മളും നമ്മുടെ ജീവിതത്തിൽ നിറം കൊടുക്കുന്നു എന്നാൽ കടലാസിലെ ചിത്രം (നിറം) മായ്ക്കുവാൻ ശ്രമിച്ചാൽ മായുന്നില്ല. പക്ഷെ ജീവിതത്തിലെ നിറം മായുവാൻ നിമിഷങ്ങൾ മതിയാകും.

ജീവിതത്തിൽ സന്തോഷം നമ്മെ വിട്ടുപിരിയുമായിരിക്കാം. പക്ഷെ നാം ഒരിക്കലും സന്തോഷത്തെയോ സ്നേഹത്തെയോ വിട്ടുപിരിയരുത്.

**-വിസ്മയ വിശ്വനാഥൻ**

# മഴ

വെൺമണി മുത്തുകൾ പാകിയ ള്ളമഴ
മണ്ണിൻ ഹൃദയം കവർന്നവെങ്കിൽ
വെള്ളിനിലാവല മിന്നിമറഞ്ഞൊരാ
മേഘത്തെ പുൽകിയുണർത്തിയെങ്കിൽ
പുൽക്കൊടിത്തുമ്പിലും ചേമ്പിലതണ്ടിലും
ഉന്മേഷരാവുകൾ പൂത്തുവെങ്കിൽ
മണ്ണിന്റെ സ്പന്ദനം കേട്ടു തുടങ്ങിയ
പൂമൊട്ടു മിഴികൾ തുറന്നവെങ്കിൽ
നിറമുള്ള രാത്രിയിൽ ചന്ദ്രനിലാമഴ
കുളിരായി പെയ്തൊന്നിറങ്ങിയെങ്കിൽ
തപിക്കുന്നൊരാമെന്റെ അന്തരാത്മാവിലും
ആശ്വസമായി മഴ പെയ്തുവെങ്കിൽ

ശ്രീലക്ഷ്മി എസ്
10A

# ആകാശം

ആദിയുമറിയില്ല അന്ത്യവുമറിയില്ല
ആകാശ നീലിമ പെരുമയെന്തെന്നറിയില്ല
അത്രയും എത്ര വിചിത്രമതല്ലോ - ഈ
ആകാശമേൽക്കൂരയാത്ര മനോഹരം
അവിടെ തിരിഞ്ഞാലും ഇവിടെ തിരിഞ്ഞാലും
അവിടെയും ഇവിടെയും ഒന്നുപോലെ
ആ മാറ്റത്തിനർത്ഥം കുറിച്ചിടാമതെ-
നിക്കേറ്റവും ചിത്തത്തിൽ ഇഷ്ടമായി
വസന്തവും, ശിശിരവും, മഴക്കാർ മേഘവും
സൂര്യനും ചന്ദ്രനും നക്ഷത്രാദികളും
മാറ്റ കൂട്ടുന്നൊട്ടും സങ്കോചമില്ലാതെ
മഴയുടെ ധുന്ദുഭിനാദത്തിനൊടുവിലോ-
യേഴുവർണ്ണങ്ങളിൽ കുറിവരച്ചും ,
തിരുനെറ്റിയിൽ ചാർത്തും ചന്ദനക്കുറി പോലെ
മാരിവില്ലങ്ങനെ നില്ക്കുന്നതേറ്റവും
സുന്ദര ദൃശ്യമായാകാശത്തിൽ.

മിഥുൻ കെ.എം
10 A

# സൗഹൃദം

ഹൃദയത്തിൽ അഴകാർന്ന വിരിയുന്ന ലോലമാം
സൗഹൃദം തേനൊലി പുഷ്പമല്ലോ
സ്നേഹമാം കാറ്റിലൂഞ്ഞാലാടി സൗഹൃദം
എന്നുമെന്നും നമ്മെ ഒന്നാക്കുന്നു
എന്നെ ഞാനാക്കുന്ന എന്നിൽ നിന്നുണരുന്ന
ഉദയകിരണങ്ങളാകുന്ന സൗഹൃദം
ഇണചിമ്മും മിഴികളാൽ സന്തോഷവേളകൾ
തങ്ങളിൽ നിത്യവും പങ്കിടും സൗഹൃദം
സാന്ത്വനത്തിൽ തണൽ നമ്മളെ പുൽകിടും
മധുരമാം സൗഹൃദമാകും ചരടുകൾ
കൂട്ടുകാരിൽ ചിലർ ദുഷ്ടരായ് പോവുകിൽ
പൊടിചിതറിടും സൗഹൃദം കഷ്ടമേ!
മരണത്തിൻ കാലൊച്ച കേൾക്കും വരേയ്ക്കഹോ
നമ്മിൽ നിലനിൽക്കും സാന്ദ്രമാം സൗഹൃദം.

സേതുകൃഷ്ണ
8 A

# വിദ്യാലയം

നന്മകൾ നേരും അമ്മയെപ്പോലെ
വിദ്യകൾ നല്കും
അദ്ധ്യാപകന്മാർ
വീട്ടിലെ പോലെ കളിച്ചുരസിക്കാം
വിദ്യകൾക്കൊപ്പം നന്നാവാം
കഥകൾപോൽ ഗുണപാഠം കേട്ട് രസിച്ചീടാം
വിത്തുകൾ മുളച്ച് ഉയരുന്നതുപോലെ
ഉയർന്നു ഉയർന്നു പോകാം
ഭാവിയിൽ ഉയർന്നു പോകാം.

**നന്ദഗോപാൽ എം.എ**
**9A**

# സ്നേഹബന്ധം

ഒരിടത്തൊരിടത്ത് ഒരു ഗ്രാമത്തിൽ ഒരു കുട്ടി താമസിച്ചിരുന്നു. അവന്റെ പേര് പീറ്റർ എന്നായിരുന്നു. അവൻ മഹാവികൃതിയായിരുന്നു. ഒരു ദിവസം അവൻ അപ്പച്ചന്റെയും അമ്മയുടെയും കൂടെ പാർക്കിൽ പോയി. അപ്പോൾ അവന്റെ സുഹൃത്ത് ഡേവിഡ് അവിടെ ഉഞ്ഞാൽ ആടുകയായിരുന്നു. പീറ്റർ പെട്ടെന്ന് ഡേവിഡിനെ ഊഞ്ഞാലിൽ നിന്ന് തള്ളിയിട്ടു. എന്നിട്ട് ഡേവിഡിനെ കളിയാക്കി. എന്നിട്ട് ഊഞ്ഞാലിൽ കയറി അഭ്യാസങ്ങൾ കാണിച്ചു അപ്പോൾ പീറ്ററിന്റെ അമ്മ പറഞ്ഞു "വേണ്ട കൈ തെന്നിയാൽ ഊഞ്ഞാലിൽ നിന്ന് താഴെവീഴും."പെട്ടെന്ന് പീറ്ററിന്റെ ശ്രദ്ധ തെറ്റി പീറ്റർ താഴെ വീഴവാൻ പോയപ്പോൾ ഡേവിഡ് ഓടിയെത്തി രക്ഷിച്ചു. അപ്പോൾ പീറ്ററിന് മനസ്സിലായി ഡേവിഡ് ഒരു നല്ല കൂട്ടുകാരനാണെന്ന്. അവർ വീണ്ടും ഒരുമിച്ച് കളിക്കാൻ തുടങ്ങി. അവരുടെ അച്ചനും അമ്മയും സന്തോഷത്തോടെ അവരുടെ കളികൾ നോക്കിയിരുന്നു. പീറ്ററിന്റെ അച്ചനും അമ്മയും പറഞ്ഞു "ഇതാണ് കുട്ടികളുടെ സ്നേഹം!"

**അലൻ യോഹന്നാൻ**
**9A**

# പഴഞ്ചൊല്ലുകൾ

. അരിയെറിഞ്ഞാൽ ആയിരം കാക്ക
. അങ്ങാടിയിൽ തോറ്റതിന് അമ്മയോട്
. അറിയാത്തവന് തല്ല് , അറിഞ്ഞവന് ചൊല്ല്
. അടിച്ചവഴി നടന്നില്ലെങ്കിൽ പോയവഴി അടിക്കുക
. അങ്കവും കാണാം താളിയും ഒടിക്കാം
. ആളുവില കല്ലുവില
. ഇല്ലത്തില്ലെങ്കിൽ കോലത്തുമില്ല
. ഉള്ളതു പറഞ്ഞാൽ ഉറിയും ചിരിക്കും
. ഉണ്ണാത്തവന് ഇല കിട്ടാഞ്ഞിട്ട് ഉണ്ടവന് പാ കിട്ടാഞ്ഞിട്ട്
. ഒരുമയുണ്ടെങ്കിൽ ഉലക്കമേലും കിടക്കാം
. കാറ്റുള്ളപ്പോൾ പാറ്റുക
. താൻ പിടിച്ച മുയലിനു നാലു കൊമ്പ്
. തോളിലിരുന്ന് ചെവിതിന്നരുത്
. നേരെ വാ നേരെ പോ
. പഠിക്കും മുമ്പ് ഗുരുക്കളാകരുത്
. പോയ ബുദ്ധി ആന വലിച്ചാലും വരില്ല
. പിന്നെയും ശങ്കരൻ തെങ്ങേൽ തന്നെ
. പാമ്പും ചാകണം കോല് ഒടിയുകയും ചെയ്യു
. മകരത്തിൽ മഴ പെയ്താൽ മലയാളിയും മുടിയും
. മഞ്ഞപ്പിത്തം പിടിച്ചവന് കണ്ടത് മുഴുവൻ മഞ്ഞയായി തോന്നും
. വല്ലഭന് പുല്ലും ആയുധം
. ശർക്കരപ്പന്തലിൽ തേന്മഴ പെയ്യുന്നു CLICK HERE FOR MORE

# കേരളം

രേണുകാ തനയനാൽ
ദാനമായി ലഭിച്ചൊരു
കോമളകളേബര
കേരളം മനോഹരം!
കേരവൃക്ഷങ്ങൾ തിങ്ങും
ചാരുത പകർന്നിട്ടോ
പേരിതുവരാൻ മൂലം
'കേരളൻ' ഭരിച്ചിട്ടോ
സഹ്യപർവ്വതത്തിനു-
മറബിക്കടലിനു-
മിടയിലൊരുകൊച്ചു
തോണിയെപ്പോലെയതാ
കാണുന്നുണ്ടൊരു രമ്യ-
ഭാഗമാ ഭൂപടത്തിൽ
കേരളം മമധന്യ
ജന്മനാടതു താനും

അനന്ദു പി.ടി
9 A

# പഴഞ്ചൊല്ലുകൾ

.മിന്നുന്നതെല്ലാം പൊന്നല്ല

.പലതുള്ളി പെരുവെള്ളം

.ഐകമത്യം മഹാബലം

.മടിയൻ മലചുമക്കും

.മഴ നിന്നാലും മരം പെയ്യും

.പൂകഞ്ഞ വള്ളി പുറത്ത്

.കുംഭംത്തിൽ മഴ പെയ്താൽ കുപ്പയിലും മാണിക്യം

.ചിങ്ങത്തിലെ മഴ ചിരിച്ചും കരഞ്ഞും

.മഴയുമില്ല വിളയുമില്ല

.കണ്ടറിയാത്തവൻ കൊണ്ടറിയും

.ശീലിച്ചതെ പാലിക്കു

.വറ്റൊന്നു കളഞ്ഞാൽ പട്ടിണി പത്ത്

.വായന മനുഷ്യനെ പൂർണ്ണനാക്കുന്നു

ഗർവാസീസ് ജിയോ  കെ.ജെ

7 A

# മഴ

മലമുകളിൽ തട്ടിയ കാർമേഘ
ത്തിൽ നിന്നു പൊടി
പൊടിയായി ഉതിർന്ന
മഴത്തുള്ളികൾ പവിഴ ശോഭയിൽ കുളിച്ചു
സ്ഫടിക നിറം പ്രകാശിപ്പിച്ചു
വന്നൂ ഇടിമിന്നൽ
കാതടിപ്പിക്കുമാറ് ശബ്ദത്തിൽ
ആടി തിമിർത്തു .
മഴയുടെ ചാറ്റലേറ്റമാത്രയിൽ
മഴയത്തു കളിച്ചു നടക്കാൻ
വന്നു ചെറു പൈതങ്ങളും
വർഷത്തിൽ വർഷിച്ചു വരും
വർഷം ഇനിയുമാകുമോ?

ശ്രീറാം രാജേഷ്
8 A

# ഒടുങ്ങിയ പുഴ

മണികൾ കിലുങ്ങി ഒഴുകിയ പുഴ
ഇന്ന് ഒടുങ്ങിയ പുഴയായി....
വേദനിക്കുന്ന ഹൃദയവുമായി
ഒടുങ്ങിയ പുഴ
തിളയ്ക്കുന്ന ദേഷ്യവുമായ്
ഒടുങ്ങി പുഴ
നുറുങ്ങിയ സ്വപ്നങ്ങളുമായ്
ശപിക്കുന്ന പുഴ
നടുങ്ങിയ മനസ്സുമായ്
വിട പറയുന്ന പുഴ
നുറുങ്ങിയ സ്വപ്നങ്ങളുമായ്
തേങ്ങുന്ന പുഴ
മുറിഞ്ഞ ജീവനുമായ്
ഒടുങ്ങിയ പുഴ
മുറിഞ്ഞുപോയ ജീവനുവേണ്ടി
കേഴുന്ന പുഴ
വീണ്ടുമൊരു ജീവനുവേണ്ടി
കരയുന്ന പുഴ

ആഗ്ന ജെസ്റ്റിൻ

9 A

# മുന്നിൽപെട്ടാൽ

ആനയ്ക്കുണ്ടോരു മദപ്പാട്
അരികിൽപോകരുതാൾക്കാര
നാടത് മുഴുവൻ ഓടിച്ചിട്ട്
നാട്ടിൽ മദിച്ചു നടപ്പാണ് !
കേട്ടോ , ചിന്നം വിളിയാണ്
മുന്നിൽ പെട്ടാൽ എന്താണ്
പിന്നെ കാര്യം പോക്കാണ് !

മനീഷ മനോജ്
9A

# മഹത് വചനങ്ങൾ

."അനുയായികളുടെ ബലമല്ല ആത്മാവിന്റെ ബലമാണ് നേതാവിനാവശ്യം "

- ഗാന്ധിജി

."അമ്മ നൂറ് ഉപദേഷ്ടാക്കളുടെ ഫലം ചെയ്യും. "

-ജോർജ്ജ് ഹെൽബർട്ട്

."ഓരോ അരിമണിയിലും അത് അർഹതപ്പെട്ടവന്റെ പേര് രേഖപ്പെടുത്തിയിരിക്കുന്നു..."

-മുഹമ്മദ് നബി

. "പരാജയം ഓർത്ത് ബുദ്ധിമാൻ വിലപിക്കാറില്ല."

-ഷേക്സ്പിയർ

."യഹോവ ഭക്തി ജ്ഞാനത്തിന്റെ ആരംഭം ആകുന്നു."

-ബൈബിൾ

."സംഭാഷണം മനുഷ്യസ്വഭാവത്തെ ചെത്തിമിനുക്കുന്നു."

-മോൺടേഗ്

."ചിന്തിക്കാതെ വായിക്കുന്നവൻ അപകടകാരിയാണ്."

- മിൽട്ടൺ

."ആരോഗ്യകരമായ ശരീരവും സംതൃപ്തമായ മനസ്സും ആനന്ദത്തിന്റെ ഉപാദിയാണ്. "

- നെയിക്സ്

."ഉത്സാഹമുള്ളവൻ മാർഗ്ഗങ്ങൾ നിർമ്മിക്കുന്നു."

-ചാനിംഗ്

."മറ്റുള്ളവരുടെ വികാരങ്ങളെ വ്രണപ്പെടുത്താത്തവനാണ് യഥാർത്ഥ മനുഷ്യർ."

-ന്യൂമാൻ

."നാവുകൊണ്ടുള്ള മുറിവ് വാളുകൊണ്ടുള്ള മുറിവിനേക്കാൾ മാരകമാണ്."

- പൈതഗോറസ്

."അഹങ്കാരമുള്ളിടത്ത് ദൈവമില്ല . ദൈവമുള്ളിടത്ത് അഹങ്കാരമില്ല."

- കബീർ

."സൗമ്യമായ സംസാരം കോപത്തെ ശമിപ്പിക്കുന്നു."

- എമേഴ്സൺ

."സ്ഥിരോത്സാഹിയുടെ കൈ സമ്പത്ത് നേടുന്നു."

- ബൈബിൾ

."സമ്മാനത്തിന്റെ വിലയും വലിപ്പവും അല്ല അതു തരുന്നവന്റെ മനസ്സാണ് പ്രധാനം."

- ലെസ്സിംഗ്

റെനീറ്റ ജോണി

9A

# പുതിയചൊല്ലുകൾ

. അരയും തലയും വെറ്റിലയും മുറുക്കി.

. അഴകുള്ള മീനിനു രുചിയില്ല.

. തെങ്ങുചാരി നിന്നവർ തേങ്ങേം കൊണ്ടുപോയി.

. ഗതികെട്ടാൽ പുലി പെപ്സിയും കുടിക്കും.

. രോഗിക്കു നെഞ്ചുവേദന ഡോക്ടർക്കു  പത്രവായന.

. ചോറങ്ങും കറിയിങ്ങും.

. ക്ഷണിക്കാതെ ചെന്നാൽ ഉണ്ടിട്ടുപോരാം.

. ബില്ലിനോടടുക്കുമ്പോഴേ മൊബൈലിന്റെ പുളിയറിയൂ.

. പരീക്ഷയിൽ തോറ്റതിന് പേനയോട്.

. പോയാലൊരു നൂറ് കിട്ടിയാൽ കോടികൾ.

. അല്പന് മൊബൈൽ കിട്ടിയാൽ അർദ്ധരാത്രിയിലും മിസ്ഡ് അടിക്കും.

ക്രിസ്റ്റീന ആന്റണി
9A

# സൗഹൃദമൊഴികൾ

. എന്റെ സുഹൃത്തുക്കളാണ് എന്റെ സമ്പത്ത്

-എമിലി ഡിക്കിൻസൺ

. നല്ല സുഹൃത്ത്,നിറഞ്ഞ ആരോഗ്യത്തിന് തുല്യം.

നഷ്ടപ്പെടുമ്പോൾ മാത്രം വിലയറിയും

-ചാൾസ് കോൾട്ടൺ

. ഒരാളുടെ ജീവിതത്തിലെ ഏറ്റവും വലിയഭാഗം അയാളുടെ സുഹൃത്തുക്കളാൽ വലയം ചെയ്യിരിക്കുന്നു

-ഏബ്രഹാം ലിങ്കൺ

ഹന്ന ബാബു

9A

# അധ്വാനം

അന്തിയായാൽ പാടത്ത്
ഹരിത സ്പന്ദനം
സന്ധ്യയായാൽ കർഷകർക്ക്
തമ്പുരാന്റെ നിന്ദയും
ഉഷരഭ്രൂമി ഉശിരോടെ
ഉഴുതുമറിക്കും വീര്യമോടെ
ജലപാനിയങ്ങൾ ഇല്ലാതെ
അധ്വാനിക്കും വേലക്കാർ
പുല്ലുകളും നെൽക്കതിരുകളും
നിലനിർത്തും വേലക്കാർ

അവിനാഷ് വി വിനോദ്
9 A

# ഗുരുമൊഴികൾ

. "സംഘടനകൊണ്ടു ശക്തരാവുക
വിദ്യകൊണ്ടു പ്രബുദ്ധരാവുക."

. "അന്യന്റെ സുഖം തന്റെ സുഖമായും തന്റെ സുഖം അന്യന്റെ സുഖമായും കാണുന്നതാണു ധർമം."

പാർവതിഎൻ
9A

# കടങ്കഥകൾ

. കണ്ണാടി പെട്ടിക്കുള്ളിൽ വള്ളിചക്രം

കാസറ്റ്

. കാണാത്തവൻ വന്ന് കണ്ടവനെ കറക്കി

കാറ്റത്ത് കറങ്ങുന്ന കാറ്റാടി

. കത്തിയുമായ് കയറിച്ചെന്ന് കലം നിറച്ചും പാലെടുത്തു

കള്ളു ചെത്തുന്നത്

. കടിക്കുമ്പം കയ്ക്കുന്ന മുള്ളൻപന്നിയെ കാശിനു വാങ്ങി കടയിൽ നിന്നും

കയ്പക്ക

. പൂച്ചയ്ക്കൊരു കെട്ട് ചുട്ടാലൊരു കെട്ട്

പപ്പടം

# കേരളഹരിതകം

എന്റെ കേരളം കേരളഹരിതകം
എന്തു സുന്ദരമായൊരു കേരളം
കാടും,പുഴകളും,കുളങ്ങളും,കായലും
എന്റെ കൊച്ചു കേരളഹരിതകം.

എന്റെ കൊച്ചു കേരളത്തിൽ
ദയാലുവും,ക്രൂരവുമായവരുണ്ട്
ഹരിതകം ഹരിതവൃന്ദാവനം
എന്റെ കൊച്ചു കേരളത്തിലുണ്ടല്ലോ.

നാം തന്നെ നമ്മുടെ കൊച്ചു
കേരളത്തെ സംരക്ഷിക്കുക
ഹരിതകം,ഹരിതവൃന്ദാവനം എന്നിവ
നമ്മുടെ കൊച്ചു കേരളഹരിതകത്തിൽ ഉണ്ടല്ലോ!

മാളവിക റെജി
9A

# നാവുളുക്കി ചൊല്ലുകൾ

. ഉരുളീലൊരുരുള

. ആന അലറലോടലറൽ

. തെങ്ങടരും മൂടലരുല

. പത്ത് തത്ത ചത്തു ചത്ത തത്ത പച്ച

# കൃഷി ചൊല്ലുകൾ

. വിത്താഴം ചെന്നാൽ

പത്താഴം നിറയും.

. ഇടവപ്പാതി കഴിഞ്ഞാൽ

ഇടവഴിയിലും വെള്ളം.

. അരി വിതച്ചാൽ നെല്ലാകുമോ?

. വേണമെങ്കിൽ ചക്ക വേരിലും കായ്ക്കും.

ആദിത്യൻ എം എ

9A

# തമസ്സ്

പുഷ്പമെനിക്കൊരു സ്വപ്നം മാത്രം
സ്പർശനത്തിലൂടെ അറിയുന്ന
മുല്ലമൊട്ടുകൾ
കിളികളുടെ നാദം എനിക്കറിയാം
മുള്ളിലുടക്കിപ്പോറിയ നയനങ്ങൾ
എനിയ്ക്കെന്നും കൂട്ടുകാരി-അന്ധകാരം
അന്ധതയുടെ കവാടമെന്റെ മുന്നിൽ
തുറന്നുനിൽക്കെ
വനജ്യോത്സന എന്നെ വിളിച്ചുണർത്തും
രാവിലെൻ ആകാശതാരങ്ങളെ
കാണാൻ
കൊതിച്ചുനിൽക്കെ അന്ധകാരം എന്നെ
തടുക്കും

നിഖിത പി ബിജു

9 A

.

# കടങ്കഥകൾ

.വട്ടത്തിൽ ചവിട്ടുമ്പോൾ നീളത്തിൽ ഓടും

ഉ.സൈക്കിൾ

.അപ്പം പോലെ തടിയുണ്ട് അല്പം മാത്രം തലയുണ്ട്

ഉ. ആമ

. ഒരു നേരം മുന്നിൽ നിൽക്കും , ഒരു നേരം പിന്നിൽ നിൽക്കും

ഉ.നിഴൽ

. ആരും കാണാതെ വരും , ആരും കാണാതെ പോകും

ഉ.കാറ്റ്

. ഞാൻ നോക്കിയാലെന്നെ നോക്കും

ഉ.കണ്ണാടി

അലൻ റെജി

9A

# ഒരു തീരാനോവായ്

കരളിലെ നോവുകൾ അലയടിച്ചെത്തും തിരകൾ പോലെ
നെഞ്ചിലെ വേദന ഒഴുകിയെത്തും കണ്ണുനീർപോലെ
എൻ മനസ്സിൽ തട്ടി ചിതറിത്തെറിക്കും കണ്ണീർകണങ്ങൾ പോലെ
ഒരു നോവായ്.... വിങ്ങലായ്....
നിൻ സൗഹൃദം എന്നും എനിക്കൊരു തീരാനോവായ്
നിൻ ഹൃദയത്തുടിപ്പിന്റെ അകൽച്ചയിൽ
ഞാൻ വേദനിച്ചപ്പോൾ
എവിടേക്ക് ഓടിയൊലിക്കണമെന്നറിയാതെ വന്നപ്പോൾ
നിന്നുപോയ് ഒരു നിമിഷം ഞാൻ ഈ ജീവിതയാത്രയിൽ.
എന്നിട്ടും കാത്തിരിക്കുന്നു ഞാൻ
നിന്റെ ഒരു വാക്കിനായ്..... ഒരു നോക്കിനായ്
ഇപ്പോഴും കൊതിച്ചു പോകുന്നു
വീണ്ടും ആ സൗഹൃദത്തിനായ്......!!!

അലക്സ് ഷിബു
9A

# ശിലാലിഖിതങ്ങൾ

മടക്കമില്ലാതെ
യാത്രയാകുന്നലർ
മടക്കി വച്ചൊരാ
ചരിത്രരേഖകൾ
ചരിത്രപാഠത്തിന്റെ
ചെറിയ ജാലക
വിസ്മയക്കാഴ്ച്ചയിൽ
ഞാൻ വിവശനാകവെ
മരണമില്ലാത്ത
ചരിത്രമാകെ
മാഞ്ഞുപോകുന്നു
തലമുറക്കുളളിലായ്
ഇതു പുരാതനം

അറിവുവറ്റാത്ത
ശിലാലിഖിതങ്ങൾ
വരകൾ വർണ്ണങ്ങൾ
അക്ഷരപൊട്ടുകൾ
അറിവിനായി
പരതി നിൽക്കവെ
പറഞ്ഞു കേൾക്കുന്നു
പറഞ്ഞു കേട്ടവർ

**പടി കടക്കുക**
**തൊട്ടുനോക്കാതെ**
**നോവാതിരിക്കട്ടെ**
**കല്ലിലെങ്കിലും**
**അക്ഷരക്കൂട്ടങ്ങൾ**

ആൽബിൻ സജി

9A

# കുറുക്കനും സിംഹവും

കുറുക്കനോട് കാട്ടിലെ രാജാവായ സിംഹം ചോദിച്ചു. "നീയെന്താണ് സിംഹത്തോടൊപ്പം നടക്കുന്നത് "?

കുറുക്കൻ പറഞ്ഞു സിംഹത്തിന്റെ കൂടെ നടന്നാൽ രണ്ടുണ്ട് കാര്യം സിംഹം വേട്ടയാടിപ്പിടിക്കുന്നതിന്റെ അവശിഷ്ടം ഭക്ഷിക്കാം. സിംഹത്തിന്റെ കാവലിൽ ശത്രുക്കളിൽ നിന്നും രക്ഷപ്പെടുകയും ചെയ്യായം .

സിംഹം ചോദിച്ചു സിംഹം നിനക്ക് കാവലാണെങ്കിൽ നീ എന്തുകൊണ്ടാണ് സിംഹത്തിന്റെ അടുത്ത് വരാത്തെന്ന് കുറുക്കൻ പറഞ്ഞു സിംഹം പിടിക്കുമെന്ന ഭയമുള്ളതുകൊണ്ടാണ്

രാജാക്കന്മാരുടെ സ്വഭാവം മാറിക്കൊണ്ടി-
രിക്കുമെന്നും അതിനാൽ കരുതിയിരിക്കണ-
മെന്നും വിവേകശാലികൾ പറഞ്ഞിട്ടുണ്ട്.

**സാനിയ അനിയൻ**

**9A**

# അമ്മ പഠിപ്പിച്ച പാഠം

മനുഷ്യ വാക്കുകൾ പ്രവൃത്തികൾ
കേരളത്തിനേകി വൻ  ദുരന്തം
യന്ത്രക്കൈകളുമായി മാറുപിളർന്നവർ
പിടഞ്ഞു ഒരു കൈത്താങ്ങിനായി
അമ്മതൻ മരണവെപ്രാളം കേട്ടില്ലേ
തിരിച്ചടി ഓർത്തില്ല  നല്ലകാലം
പാഠംപഠിക്കാത്ത  മക്കൾക്കായി ഒടുക്കം
അമ്മ തേങ്ങലോടെ  തന്നതാണീ ദുരന്തം
അറിയില്ല  നാടിന്റെ  കാലചക്രം
ദിശതെറ്റി കറക്കിയതാരാണെന്ന്
അറിയില്ല എനിക്കൊന്നുമേ എങ്കിലും
കരുതുന്നു മനുഷ്യാ നീചനെന്ന്

വിസ്മയ വി.ജി

9 A

# കലാലയ ജീവിതം

വിജയത്തിന്റെ  മാറ്റൊലി കൊള്ളുന്ന
ശംഖൊലിനാദങ്ങളും മാനസ തംബുരു-
മീട്ടും അനന്ത സാദ്ധ്യതകളും....
അലയടിച്ചുണരുന്ന സരസ്വതിക്ഷേത്രത്തിലെ
ഉയർച്ചയുടെ വഴിത്താരയിലെ
പുൽനാമ്പുകളാണ് നാം....
സൗഹൃദത്തിന്റെയും  ഗുരുശിഷ്യബന്ധത്തിന്റെയും
മാസ്മരിക ലോകത്തിൽ ലയിച്ചിരിക്കുമ്പോൾ
മനസിന്റെ ഉൾക്കോണിൽ എവിടെയോ
മിഴികളിൽ എവിടെയോ...ഉപ്പിന്റെ രസം പകർന്ന
കണ്ണുനീരിന്റെ നനവ് പടരുന്നു...
ഒരു ചെറുതേങ്ങലോടെ നാം ഓർത്തു പോകും
ഒരു നാൾ ഒരു വിടവാങ്ങലിന്
സാക്ഷ്യം വഹിക്കേണ്ടതുണ്ട്.....

അമൽ കെ.എസ്

9A

# എന്റെ നിലയ്ക്കാത്ത സൗഹൃദം

എന്റെ വരമ്പിലെ സ്നേഹം നിറക്കുന്ന
മുത്തുകളാണെന്റെ സൗഹൃദങ്ങൾ
ജീവിതത്തുളിക മുത്തുകൾ വർഷിക്കും
സൗഹൃദമാണെന്റെ സ്നേഹദീപം
സൗഹൃദദീപത്തിൽ മയിൽപ്പീലിവർഷിക്കും
സൗഗന്ധികമാണ് എന്റെ ജീവൻ
മാളികദീപ്തിയിൽ നൃത്തമാടുന്ന
ശ്രീ വിദ്യാലയമാണെന്റെ സ്നേഹം
മൗലിക ദീപ്തിയിൽ മുത്തുകൾ
വീഴുമ്പോൾ കൺനിറയുന്നുണ്ട് ജീവിതങ്ങൾ

**ശ്രീലക്ഷ്മി എസ് അജിത്ത്**
**9A**

# ബേപ്പൂർ സുൽത്താൻ

മലയാളസാഹിത്യത്തിന്റെ ഒരേയൊരു സുൽത്താനേയുള്ളൂ- അതു ബേപ്പൂർ സുൽത്താനായ വൈക്കം മുഹമ്മദ് ബഷീറാണ്. ബേപ്പൂരിലെ വീട്ടിൽ താനൊരു സുൽത്താനെപ്പോലെ വാഴുകയാണെന്നു ബഷീർത്തന്നെ എഴുതിയതിൽ നിന്നാണ് ബേപ്പൂർ സുൽത്താൻ എന്ന പ്രയോഗമുണ്ടായത്. അതു പിന്നെ ആഘോഷിക്കപ്പെട്ട പ്രയോഗമായി. ഇതു ചിലരെ തെറ്റിദ്ധരിപ്പിട്ടുണ്ട്. ബഷീറിനെക്കുറിച്ച് ഒരു പാക്ക് പത്രം എഴുതിയത് ബേപ്പൂർ എന്ന രാജ്യത്തെ രാജാവാണു ബഷീർ എന്നായിരുന്നത്രേ.

നന്ദന കെ. ആർ

8 A

# ബഷീറിന്റെ പ്രധാന കൃതികൾ

. ധർമരാജ്യം

.പ്രേമലേഖനം

.ബാല്യകാലസഖി

.ജൻമദിനം

.ആനപ്പൂട

.ശബ്ദങ്ങൾ

.മതിലുകൾ

.വിശപ്പ്

.യാ ഇലാഹി

.ചിരിക്കുന്ന മരപ്പാവ

.മാന്ത്രികപ്പൂച്ച

.അനർഘനിമിഷം

.ന്റുപ്പുപ്പാക്കൊരാനേണ്ടാർന്ന്

അനില ഇ.ആർ

9A

# ഓണപ്പദങ്ങൾ

അത്തപ്പത്ത് - ഓണദിവസം

അമ്മായിയോണം -രണ്ടാംഓണം

ഓണപ്പക്കി -ഓണത്തുമ്പി

അവിട്ടക്കട്ട -ഓണപ്പലഹാരം

ഓണത്തരവ് -ഓണക്കോടി

കാടിയോണം -ആറാം ഓണം

കൃഷ്ണദേവ് ടി. യു

9A

# വീടുണ്ടേ കൂടുണ്ടേ......

കുഞ്ഞുറുമ്പിന് വീടുണ്ടേ
മണ്ണിനടിക്കൊരു കൂടുണ്ടേ
ഇറുക്കൻ ഞണ്ടിനു വീടുണ്ടേ
കടലോരത്തൊരു കുഴിയുണ്ടേ
കാക്കമ്മയ്ക്കൊരു വീടുണ്ടേ
മാവിൻ മോളിലൊരു കൂടുണ്ടേ
തേനീച്ചയ്ക്കൊരു കൂടുണ്ടേ
അറകൾ നിറഞ്ഞൊരു കൂടുണ്ടേ
തത്തമ്മയ്ക്കൊരു വീടുണ്ടേ
തെങ്ങിൻമേലൊരു പൊത്തുണ്ടേ

**നൈന ബിജു**

**9A**

# സുന്ദര ഭൂമി

എത്ര ഭംഗി നമ്മുടെ ഭൂമി,
മനോഹരമാം,വർണ്ണ ഭൂമി,
ഭൂമി മാതാ തൻ മടിയിൽ നാം
ചാഞ്ഞുറങ്ങവേ............
എത്ര തകർന്നാലും നാം വീഴുകയില്ല
ഇതളുകൾ പോലെ നിൽക്കവേ
മനുഷ്യൻ  നമ്മെ ഇല്ലാതെയാക്കിട്ടും
സ്നേഹമുള്ളവർ തൻ സംരക്ഷിക്കുന്നു
പാപമാം,ജീവീതാകലങ്ങളിൽ
പച്ചപ്പ് നിലനിർത്തും ഭൂമി
നമ്മുടെ അമ്മ പോൽ
തന്നെ സംരക്ഷിക്കും
കുഞ്ഞുങ്ങളെ എന്നെ കൈവിടരുതെ
എത്ര ഭംഗി നമ്മുടെ ഭൂമി .

# മാനത്തും താഴത്തും

ഒ.എൻ.വി കുറിപ്പ്

അമ്പിളിചിരിക്കും മാനത്ത്
തുമ്പ ചിരിക്കും താഴത്ത്
സൂര്യനുദിക്കും മാനത്ത്
സൂര്യകാന്തികൾ താഴത്ത്
താരകൾ വിരിയും താഴത്ത്
മാരിവില്ല് മാനത്ത്
മാനും മയിലും താഴത്ത്

അർച്ചന എം പി
10 A

# കൊച്ചുപ്പൂവ്

ജി ശങ്കരക്കുറിപ്പ്

ഇത്തിരിപ്പൂവെ ചുവന്ന പൂവേ
ഇത്ര നാളെങ്ങു പോയി നീ
മണ്ണിനടിയിൽ ഒളിച്ചിരുന്നോ?
മറ്റുള്ള പൂക്കളെ കാത്തിരുന്നോ?
വന്നതു നന്നായി, തെല്ലുനേരം
വല്ലതും പാടിക്കളിക്കാം സ്വയം
ചെമ്മേറുമീയുടുപ്പാരുതന്നു?
ചേച്ചിക്കെന്നമ്മവയ്ക്കാനെ തോന്നു
കാറ്റടിച്ചോമനെ വീണിടല്ലെ
കാലത്തെ വെയിലേറ്റു വാടിടല്ലെ

അലൻ വി എൽ


10 A

# പ്രളയവിന

കാർമേഘങ്ങൾ പെയ്യൊഴിഞ്ഞിട്ടും
കണ്ണീർ തോരാതെ 'കേരളം'....
സകലതും വെള്ളത്തിലൊഴുകിയപ്പോൾ
ജീവനായ് കെഞ്ചി.... നിലവിളിച്ച
അപ്പോൾ താങ്ങായ കരങ്ങളെ , ഞങ്ങൾ
മറക്കില്ലൊരിക്കലും.
ചെറുതോണിയും മലമ്പുഴയും കെട്ടഴിച്ചപ്പോൾ
ഒഴുകിയത് ഒരായുസ്സിന്റെ സമ്പാദ്യം
അതിലേറെ ഭീകരം ഒഴുക്കിൽപ്പൊലിഞ്ഞ
ജീവൻതുടിപ്പുകൾ.
എന്നിട്ടും ഭൂമിയെ കളങ്കപ്പെടുത്തുന്നവർ
ഓർക്കേണ്ടതൊന്നുമാത്രം
വരാനിരിക്കുന്ന ദുരന്തം , ഏറ്റുവാങ്ങൂ....
കാരണം നാം തന്നെ അതിനർഹർ

**കീർത്തന കുഞ്ഞുമോൻ**

**8A**



# ചിത്ര പ്രദർശനം























# <u>നന്ദി</u>

